**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ഹെഡ് ക്ലാർക്കുമാരിൽ നിന്നും ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഉത്തരവ് നം. ഇഎസ്2-57470/2018/ആവഡ, തീയതി: 21/12/2018.

**ഉത്തരവ് നമ്പർ ഇ.ഡി1-09/2019/ആ.വ.ഡ., തീയതി: 27/04/2019**

ചുവടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും പരാമർശ പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതുമായ ഹെഡ് ക്ലാർക്കുമാരെ രൂപ 30,700 - 65,400 ശമ്പള സ്കെയിലിൽ റൂൾ 31 എ(1) കെ.എസ്.&എസ്.എസ്.ആർ. പ്രകാരം ജൂനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | റാങ്ക് നം. | ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥലം | നിയമിച്ചിരിക്കുന്ന സ്ഥലം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ശ്രീ. സുരേന്ദ്രൻ എം. | 42 | 02/05/1963 | സാമൂഹികാരോഗ്യ കേന്ദ്രം, ചിത്തിരപ്പുരം, ഇടുക്കി | ജനറൽ ആശുപത്രി, തിരുവനന്തപുരം | |
| 2. | ശ്രീമതി. വസന്ത എം.എം | 43 | 18/05/1968 | സാമൂഹികാരോഗ്യ കേന്ദ്രം, തിരുവാങ്ങൂർ, കോഴിക്കോട് | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോട്ടയം | |

ജൂനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ടി ജീവനക്കാരെ 2 വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണത്തിന് നിയോഗിച്ചിരിക്കുന്നു.

2019 പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ സ്ഥലം മാറ്റ അപേക്ഷകൾ നിലവിൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല. ആയത് പരിഗണിക്കുന്ന മുറക്ക് മേൽ സൂചിപ്പിട്ടുള്ള നിയമനങ്ങൾ ആവശ്യമെങ്കിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമായി ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
**അബ്ദുൾ നാസർ പുലത്ത്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/ഇടുക്കി/കോട്ടയം/കോഴിക്കോട്
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//
സൂപ്രണ്ട്